ശ്രീ. പി. പി. ഉമ്മർകോയ : ടാർ ചെയ്യാനും മാത്രമുള്ള ഗതാഗതം എല്ലാ റോഡുകളിലും ഉണ്ട്. നമ്മുടെ സാമ്പത്തിക പരിമിതി മാത്രമാണ് അതിന് തടസ്സമായി നിൽക്കുന്നത്.

മന്ത്രരോഗം

* 58. [2] † ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് മന്ത്രരോഗബാധിതരായി എത്രപേരുണ്ടെന്നു പറയാമോ ;

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് മന്ത്രരോഗം കൂടുതലായിട്ടുള്ളത് ;

(സി) മന്ത്രരോഗം കൂടുതൽ ബാധിക്കാതിരിക്കുന്നതിനു ഗവണ്മെന്റ് എടുത്തിട്ടുള്ള നടപടികളെന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സൂക്ഷ്മമായി അറിവില്ല. മൂന്നും നാലും ലക്ഷത്തിനിടയ്ക്ക് മന്ത്ര രോഗികളും ഈ സംസ്ഥാനത്തുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) കടലോരപ്രദേശങ്ങളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചിൻ, തൃശ്ശൂർ, പാലക്കാട്, തിരൂർ, പൊന്നാനി, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിലാണ്, മന്ത്രരോഗം കൂടുതലായിട്ടുള്ളത്.

(സി) മന്ത്ര രോഗ നിവാരണത്തിനു രണ്ടു ഘട്ടങ്ങളാണുള്ളത്.

1. ഫൈലേറിയാ നിയന്ത്രണ പരിപാടി.
2. ഫൈലേറിയാ നിർമ്മാർജ്ജനപരിപാടി.

നമ്മുടെ സ്റ്റേറ്റ് ആദ്യത്തെ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നിയന്ത്രണപരിപാടി പൂർത്തിയായതിനുശേഷമേ നിർമ്മാർജ്ജന പരിപാടി ആരംഭിക്കുകയുള്ളൂ. മന്ത്ര രോഗം പരത്തുന്നത് പ്രത്യേക തരം കൊതുകുകളാണ്. കൊതുകുകളേയും അവയുടെ കൂത്താടികളേയും നശിപ്പിക്കുകയാണ് മന്ത്ര രോഗനിവാരണത്തിലെ പ്രധാനഘടകം. അതിനുവേണ്ടി കൊതുകു വളരുന്ന സ്ഥലങ്ങളിൽ എണ്ണ തളിക്കുക, കുളങ്ങളിൽനിന്നു പായൽ നീക്കുക മുതലായവ ചെയ്യുവരുന്നു. ഇതു പ്രവർത്തനങ്ങൾക്കായി പത്തു ഫൈലേറിയാ യൂണിറ്റുകൾ ഇപ്പോൾ ഈ സ്റ്റേറ്റിലുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : കടലോര പ്രദേശമല്ലാത്ത വല്ല സ്ഥലത്തും ഈ രോഗം ബാധിച്ചിട്ടുണ്ടോ ; പാലക്കാട്ടുജില്ലയിലെ ഒരു ഗ്രാമത്തിൽ ഒരു കുളത്തിന്റെ അടുത്തു താമസിക്കുന്ന കുറെ ആളുകൾക്ക് മന്ത്രരോഗം പിടിപെട്ടിട്ടുണ്ടെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. കടലോരപ്രദേശമല്ലാത്ത ഈ മാതിരി മറ്റു പ്രദേശങ്ങളിൽ എന്തെങ്കിലും നിവാരണ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കടലോരപ്രദേശമല്ലാത്ത ചില പ്രദേശത്തും ഈ മന്ത്ര രോഗം ബാധിച്ചിട്ടുണ്ട്. പാലക്കാട് പട്ടണം ആ ഇനത്തിൽപെടുന്ന ഒരു പ്രദേശമാണ്. ഈ സ്ഥലം കൂടി ഉൾപ്പെടുത്തി പുതിയ ഒരു യൂണിറ്റ് വരുന്ന വർഷം ആരംഭിക്കുന്നതിനു ആലോചനയുണ്ട്.

† Put by Shri P. R. Francis.

LIBRARY ARCHIVES Kerala Legislative Assembly